**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1001** **27-07-2021 - ൽ മറുപടിയ്ക്ക്**

**പച്ചക്കറിക്ക് ലഭിക്കുന്ന താങ്ങുവില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ പച്ചക്കറിക്ക് താങ്ങു വില നിശ്ചയിക്കുമെന്നും അത് ലഭിക്കാത്തവർക്ക് അക്കൗണ്ടിൽ നൽകുമെന്നും അറിയിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ എത്രപേർക്കാണ് അപ്രകാരം തുക കിട്ടിയിട്ടുള്ളത് ; വ്യക്തമാക്കുമോ? | (എ) | 26/10/2020 ലെ G.O.(Ms) 80/2020/Agri നം. ഉത്തരവ് പ്രകാരം "കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്" എന്ന പേരിൽ അടിസ്ഥാന വില പ്രഖ്യാപിച്ചുകൊണ്ടുള്ള പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. പദ്ധതി 2020 നവംബർ 1 മുതൽ പ്രാബല്യത്തിൽ വന്നു. കർഷകർ AIMS പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യുകയും ആനുകൂല്യം കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്കു നേരിട്ട് നൽകിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത്. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയും ചെയ്തു. കൂടാതെ 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതിയ്ക്ക് ഈ വർഷം 10.00 കോടി രൂപ വകയിരുത്തിയിട്ടുള്ളതും 06/07/2021 ലെ GO (Rt) 580/2021/Agri നം. ഉത്തരവ് പ്രകാരം ടി തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ